**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2327** **18.02.2016-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ | പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിലെ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | എ | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 - 38<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 - 42 |
| ബി | ജനങ്ങളുടെയും, ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | ബി | ജനങ്ങളുടെയും ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലില്ല. |
| സി | ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണ് അധികമായി ആവശ്യമുള്ളതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും പാലക്കാട് ഡി.എം.ഒയും സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്; ഇവ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി & ഡി | പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന്റെ 65 തസ്തികകൾ അടക്കം സംസ്ഥാനത്തൊട്ടാകെ ലാബ് ടെക്നീഷ്യൻമാരുടെ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| ഡി | ആശുപത്രികൾക്കും ജനങ്ങൾക്കും ആനുപാതികമായി ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ